**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2836** **13.03.2018 ൽ മറുപടിയ്ക്ക്**

**കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ഏറ്റെടുക്കുന്നതിനുള്ള സംവിധാനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

| | |
|---|---|
| എ) സംസ്ഥാനത്ത് ഒരു വർഷം എത്ര ടൺ പച്ചക്കറിയാണ് ആവശ്യമായിട്ടുള്ളത്; | എ) നാഷണൽ സാമ്പിൾ സർവേ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഒരു വർഷം ആകെ 20.09 ലക്ഷം മെട്രിക് ടൺ പച്ചക്കറി ആവശ്യമാണ്. |
| ബി) ഇതിൽ സംസ്ഥാനത്ത് നിലവിൽ ഉല്പാദിപ്പിക്കുന്നത് എത്ര ടൺ പച്ചക്കറിയാണ്; | ബി) ഇതിൽ സംസ്ഥാനത്ത് 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറിയാണ് ഉല്പാദിപ്പിക്കുന്നത്. |
| സി) ഈ സർക്കാർ നിലവിൽ വന്നശേഷം ആവിഷ്കരിച്ച വിവിധ പദ്ധതികളിലൂടെ നമ്മുടെ പച്ചക്കറി ഉത്പാദനത്തിൽ എന്ത് വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞു; | സി) 2016-17 – ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും ഏകദേശം 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2015-16 മായി താരതമ്യം ചെയ്യുമ്പോൾ 2016-17 ൽ 6252 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 97,000 മെട്രിക് ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിച്ചിട്ടുണ്ട്.<br>2017-18 വർഷം നാളിതുവരെ 52,102 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽ 6.3 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിച്ചു. മൂന്നാം വിള കൃഷി നടന്നു വരുന്നു. 2017-18 ൽ ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ച് ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി |

കൃഷിയ്ക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിക്കാനായി ഗ്രോബാഗുകൾ എന്നിവ നൽകിയിരുന്നു. 63 ലക്ഷം കുടുംബങ്ങൾക്ക് പച്ചക്കറി വിത്ത് പാക്കറ്റുകൾ സൗജന്യമായി നൽകുകയും അതുവഴി 96899.5 മെട്രിക് ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുകയും ചെയ്തു. എന്നാൽ വരൾച്ചയും പ്രകൃതിക്ഷോഭവും മൂലം പ്രതീക്ഷിച്ചത്ര വർദ്ധനവ് ഉണ്ടായിട്ടില്ല.

| | |
|---|---|
| ഡി) സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ഏറ്റെടുക്കുന്നതിനുള്ള സംവിധാനം കൃഷിവകുപ്പിനുണ്ടോ; വിശദാംശം നൽകുമോ? | ഡി) പച്ചക്കറി വികസന പദ്ധതി അനുസരിച്ച് പച്ചക്കറിയുടെ സംഭരണം, വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിന് 31 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുൾപ്പെടെ 208 ക്ലസ്റ്റർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ മാർക്കറ്റുകൾ വഴി കർഷകരുടെ പച്ചക്കറികൾ വിപണനം ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഓണം, വിഷു എന്നീ ഉത്സവ സീസണുകളിൽ പൊതു വിപണിയിലെ വിലയേക്കാൾ 10 ശതമാനം കൂട്ടി ഓണസമൃദ്ധി, വിഷുക്കണി മാർക്കറ്റുകളിലേയ്ക്ക് കർഷകരിൽ നിന്നും നേരിട്ടും ഹോർട്ടികോർപ്പ് മുഖേനയും സംഭരിക്കുന്നുണ്ട്.<br>കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സ്വാശ്രയ കർഷക സമിതികളിലെത്തിച്ച് കച്ചവടക്കാരുടെ സാന്നിധ്യത്തിൽ ലേലം വഴി വിപണനം ചെയ്യുന്നു. ഇതുവഴി ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും വിപണന ചെലവുകൾ കുറയ്ക്കുവാനും കർഷകർക്ക് സുസ്ഥിര വരുമാനവും മെച്ചപ്പെട്ട ജീവിതനിലവാരവും ഉറപ്പാക്കുവാനും കഴിയുന്നു. 2017-18 വർഷത്തിൽ സ്വാശ്രയ കർഷകസമിതികൾ വഴി ജനുവരി വരെ 268.3 കോടി രൂപ മൂല്യമുള്ള 104607 മെട്രിക് ടൺ പഴം പച്ചക്കറികളുടെ വിപണനം നടത്തി.<br>സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ, കർഷകർ, കർഷക ഗ്രൂപ്പുകൾ. വി.എഫ്.പി.സി.കെ,. കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്ന് കർഷകർക്ക് ന്യായമായ വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ച് വിപണനം നടത്തി വരുന്നു.<br>2016-17 സാമ്പത്തിക വർഷം 7003.92 ടൺ പച്ചക്കറിയും 2017-18 സാമ്പത്തിക വർഷം മാർച്ച് മാസത്തെ പ്രൊവിഷണൽ കണക്ക് |

ഉൾപ്പെടെ 7093 ടൺ പച്ചക്കറികളും ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും സംഭരിച്ച് വിപണനം നടത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**